# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 642 10.07.2014-ൽ മറുപടിയ്ക്ക്

## വിദേശത്ത് തൊഴിൽ നേടുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി . പി . സജീന്ദ്രൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, സി. പി. മുഹമ്മദ്<br>,, കെ. ശിവദാസൻ നായർ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | പട്ടികജാതി യുവാക്കൾക്ക് അംഗീകൃത ഏജൻസികൾ വഴി വിദേശത്ത് തൊഴിൽ നേടുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന്റെ ചെലവുകൾ നേരിടുന്നതിലേയ്ക്കായി 50,000/-രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി 2013-14 സാമ്പത്തികവർഷം പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ആരെല്ലാമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | പട്ടികജാതി വികസന വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പിലാക്കിയത്. |
| (സി) | എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയനുസരിച്ച് നൽകുന്നതെന്ന് വിശദമാക്കുമോ ; | (സി) | യാത്രാ ചെലവ്, വിസാനുബന്ധ ചെലവുകൾ എന്നിവയ്ക്കാണ് തുക നൽകിയിട്ടുള്ളത്. ഗുണഭോക്താക്കൾ നിയമാനുസൃതമായ പാസ്പോർട്ടിന്റെയും വിസയുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം അപേക്ഷിച്ചാൽ ടിക്കറ്റ് ചാർജ്ജ് ഉൾപ്പെടെ 60% മുൻകൂറായി നൽകുന്നു. കരാർ പ്രകാരം ഗുണഭോക്താവ് ജോലിയിൽ പ്രവേശിച്ചു എന്നത് സംബന്ധിച്ച രേഖ തൊഴിൽ ദാതാവ് ലഭ്യമാക്കുന്ന മുറക്ക് ബാക്കി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നു. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്ത് തുക നീക്കിവച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | | കഴിഞ്ഞ സാമ്പത്തികവർഷം പദ്ധതി നടപ്പിലാക്കുന്നതിനായി 3.5 കോടി രൂപ അനുവദിച്ചിരുന്നു. നടപ്പ് സാമ്പത്തികവർഷവും ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. ഈ സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി നിശ്ചിത തുക നീക്കിവെച്ചിട്ടി |

(...2)

| | | |
|---|---|---|
| | | ല്ലെങ്കിലും Assistance for training and Employment (2225-01-102-96 (Plan) എന്ന ശീർഷകത്തിലെ 3701 ലക്ഷം രൂപയിൽ നിന്നും ഇതിലേയ്ക്കാവശ്യമായ തുക കണ്ടെത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ധന സഹായം 100000/-രൂപയായി (ഒരു ലക്ഷം രൂപ) ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ട്. |

Sali KJ
**സെക്ഷൻ ആഫീസർ**